പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 225

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 26-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 225

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 225

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

ഉപോദ്ഘാതം.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12), 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.</u>—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17),—

(എ) 12-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 14-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5),—

(എ) 12-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ്

പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയി ക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

4. <u>1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.</u>—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12),—

(എ) 12-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സിൻഡിക്കേറ്റ് നിയമിക്കുന്ന, വൈസ് ചാൻസലർ അദ്ധ്യക്ഷനായുള്ള മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് നൽകുന്ന മൂന്ന് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്നും സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ രജിസ്ട്രാറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സിൻഡിക്കേറ്റ് നിയമിക്കുന്ന, വൈസ് ചാൻസലർ അദ്ധ്യക്ഷനായുള്ള മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് നൽകുന്ന മൂന്ന് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്നും സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ

നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1 എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സിൻഡിക്കേറ്റ് നിയമിക്കുന്ന, വൈസ് ചാൻസലർ അദ്ധ്യക്ഷനായുള്ള മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് നൽകുന്ന മൂന്ന് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്നും സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ ഫൈനാൻസ് ആഫീസറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1 എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

5. 1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5),—

(എ) 23-ാം വകുപ്പിൽ (iii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iii എ) പരീക്ഷാ കൺട്രോളർ;

(iii ബി) ഫൈനാൻസ് ഓഫീസർ;

(ബി) 28-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ,

ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1 എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 28-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"28 എ. പരീക്ഷാ കൺട്രോളർ.—(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർ നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർക്കുള്ള യോഗ്യതകളും നൽകേണ്ടതായ ശമ്പളവും ബത്തകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്." ;

28 ബി. ഫൈനാൻസ് ഓഫീസർ.—(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(2) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) ഫൈനാൻസ് ഓഫീസർക്കുള്ള യോഗ്യതകളും നൽകേണ്ടതായ ശമ്പളവും ബത്തകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്.".

6. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22),—

(എ) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 15-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 16-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ

നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

7. <u>2005-ലെ 27-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ (2005-ലെ 27),—

(എ) 28-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 29-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 30-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

(1എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

8. <u>നിലവിലുള്ള രജിസ്ട്രാർമാരെയും പരീക്ഷാ കൺട്രോളർമാരെയും ഫൈനാൻസ് ഓഫീസർമാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിലും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിലും (2005-ലെ 27) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ ഉത്തരവുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാലകളിലെ നിലവിലുള്ള രജിസ്ട്രാർമാരോ പരീക്ഷാ കൺട്രോളർമാരോ ഫൈനാൻസ് ഓഫീസർമാരോ, അതതുസംഗതിപോലെ, അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിലേതാണോ ആദ്യം പൂർത്തിയാക്കിയിട്ടുള്ളിടത്ത് ഈ ആക്റ്റിന്റെ പ്രാബല്യത്തീയതിയിലും അന്ന് മുതൽക്കും അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്. ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ പൂർത്തിയാക്കിയിട്ടില്ലാത്ത രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർ മാരുടെയോ സംഗതിയിൽ, അവർ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ അവയിൽ ഏതാണോ ആദ്യം അതുവരെ അവരുടെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്. മറ്റ് വകുപ്പുകളിൽ നിന്ന് നിയമിക്കപ്പെട്ടതും അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവ്

അല്ലെങ്കിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതുമായ രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ, അവരുടെ മാതൃവകുപ്പുകളിൽ ബാധകമായിട്ടുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച നിയമം ബാധകമാക്കേണ്ടതാണ്.

9. റദ്ദാക്കലും ഒഴിവാക്കലും.—2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 34) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ രജിസ്ട്രാർമാർ, പരീക്ഷാ കൺട്രോളർമാർ, ഫൈനാൻസ് ഓഫീസർമാർ എന്നിവരുടെ നിയമനകാലയളവ് ഏകീകരിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തിട്ടുള്ളതാണ്. സർക്കാർ, പ്രസ്തുത ശിപാർശ പരിഗണിക്കുകയും ഈ ആവശ്യത്തിലേയ്ക്കായി കേരള സർവ്വകലാശാലയിലെയും കോഴിക്കോട് സർവ്വകലാശാലയിലെയും മഹാത്മാഗാന്ധി സർവ്വകലാശാലയിലെയും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെയും കണ്ണൂർ സർവ്വകലാശാലയിലെയും ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെയും

രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ നിയമന കാലയളവ്. ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സോ, അവയിൽ ഏതാണോ ആദ്യം അതുവരെ, എന്ന വ്യവസ്ഥ ഉൾപ്പെടുത്തി 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിലും (2005-ലെ 27) ആവശ്യമായ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 6 -ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 6-ാം തീയതിയിലെ 597-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 21-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 200 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 34-ാം നമ്പർ ഓർഡിനൻസായി 2019 ജൂലൈ 7-ാം തീയതിയിലെ 1506-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2019-ലെ 34-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം.

ബില്ലിലെ 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 1974-ലെ 17-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ (2)-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1974-ലെ 17-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ (2)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1974-ലെ 17-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ആഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ (3)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 1975-ലെ 5-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ (3)-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1975-ലെ 5-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ (3)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1975-ലെ 5-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ഓഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ (4)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 1985-ലെ 12-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ (4)-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1985-ലെ 12-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ (4)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1985-ലെ 12-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ഓഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 5-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1994-ലെ 5-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ (5)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1994-ലെ 5-ാം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 28എ വകുപ്പ് (1-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമന രീതി സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ (5)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1994-ലെ 5-ാം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 28എ വകുപ്പ് (3)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ യോഗ്യതകളും നൽകേണ്ടതായ ശമ്പളവും ബത്തകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ (5)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1994-ലെ 5-ാം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 28ബി വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ഓഫീസറുടെ നിയമന രീതി സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ (5)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1994-ലെ 5-ാം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 28ബി വകുപ്പ് (3)-ാം ഉപവകുപ്പ് ഫൈനാൻസ് ഓഫീസറുടെ യോഗ്യതകളും നൽകേണ്ടതായ ശമ്പളവും ബത്തകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 6-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 1996-ലെ 22-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 6-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1996-ലെ 22-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

17. ബില്ലിലെ 6-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1996-ലെ 22-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ഓഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ബില്ലിലെ 7-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2005-ലെ 27-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും റെഗുലേഷനുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

19. ബില്ലിലെ 7-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 2005-ലെ 27-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ആഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും റെഗുലേഷനുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

20. ബില്ലിലെ 7-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 2005-ലെ 27-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും റെഗുലേഷനുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

21. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയതാണ്. ആയതിനാൽ ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. കെ. ടി. ജലീൽ.

(ശരിത്തർജ്ജമ)

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1974-ലെ 17)

** ** ** **

12. <u>രജിസ്ട്രാർ.</u>—(1) രജിസ്ട്രാർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായിരിക്കുന്നതും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേക്കും തിട്ടങ്ങളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാകുന്നു.

** ** ** **

13. <u>പരീക്ഷാ കൺട്രോളർ.</u>— (1) പരീക്ഷാ കൺട്രോളർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായിരിക്കുന്നതും, അദ്ദേഹത്തെ സിൻഡിക്കേറ്റ്, പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേക്കും തിട്ടങ്ങളിൻമേലും നിയമിക്കേണ്ടതുമാകുന്നു.

** ** ** **

14. <u>ഫൈനാൻസ് ആഫീസർ.</u>—(1) ഫൈനാൻസ് ആഫീസർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ. ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ സിൻഡിക്കേറ്റ്, പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേയ്ക്കും തിട്ടങ്ങളിന്മേലും നിയമിക്കേണ്ടതുമാകുന്നു.

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1975-ലെ 5)

** ** ** **

12. <u>രജിസ്ട്രാർ.</u>—(1) രജിസ്ട്രാർ മുഴുവൻ സമയവും, ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായിരിക്കുന്നതും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേയ്ക്കും തിട്ടങ്ങളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാകുന്നു.

** ** ** **

13. <u>പരീക്ഷാ കൺട്രോളർ.</u>—(1) പരീക്ഷാ കൺട്രോളർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായിരിക്കുന്നതും, അദ്ദേഹത്തെ പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേയ്ക്കും തിട്ടങ്ങളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാകുന്നു.

** ** ** **

1020/2019.

14. ഫൈനാൻസ് ഓഫീസർ.—(1) ഫൈനാൻസ് ഓഫീസർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായിരിക്കുന്നതും, പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലത്തേയ്ക്കും തിട്ടങ്ങളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാകുന്നു.

** ** ** **

## 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1985-ലെ 12)

** ** ** **

12. രജിസ്ട്രാർ.—(1) വൈസ്-ചാൻസലർ തലവനായി സിൻഡിക്കേറ്റ് നിയമിക്കുന്ന മൂന്നംഗങ്ങളടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച മൂന്ന് ആളുകളുടെ പേരുകളുടെ ഒരു പാനലിൽ നിന്നും സർക്കാർ തെരഞ്ഞെടുത്ത ഒരാളെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലയളവിലേയ്ക്കും നിബന്ധനകളിൻമേലും സർവ്വകലാശാലയുടെ രജിസ്ട്രാറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

** ** ** **

13. പരീക്ഷാ കൺട്രോളർ.—(1) വൈസ്-ചാൻസലർ തലവനായി സിൻഡിക്കേറ്റ് നിയമിക്കുന്ന മൂന്നംഗങ്ങളടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച മൂന്ന് ആളുകളുടെ പേരുകൾ അടങ്ങുന്ന ഒരു പാനലിൽ നിന്നും സർക്കാർ തെരഞ്ഞെടുത്ത ഒരാളെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാലയളവിലേയ്ക്കും നിബന്ധനകളിൻമേലും സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

** ** ** **

14. ഫൈനാൻസ് ആഫീസർ.—(1) വൈസ്-ചാൻസലർ തലവനായി സിൻഡിക്കേറ്റ് നിയമിക്കുന്ന മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച മൂന്ന് ആളുകളുടെ പേരുകൾ അടങ്ങുന്ന ഒരു പാനലിൽ നിന്നും സർക്കാർ തെരഞ്ഞെടുത്ത ഒരാളെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേയ്ക്കും നിബന്ധനകളിൻമേലും സർവ്വകലാശാലയുടെ ഫൈനാൻസ് ആഫീസറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

** ** ** **

## 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1994-ലെ 5)

** ** ** **

23. സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്മാർ.—താഴെ പറയുന്നവർ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്, അതായത്:—

(i) വൈസ് ചാൻസലർ;

(ii) പ്രൊ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) ഫാക്കൽറ്റികളുടെ ഡീനുകൾ;

(v) സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻമാരായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകൾ മുഖേന പ്രഖ്യാപിക്കപ്പെട്ടേക്കാവുന്നതും സർവ്വകലാശാലയുടെ സേവനത്തിലുള്ളതുമായ മറ്റ് ഉദ്യോഗസ്ഥൻമാർ.

** ** ** **

28. രജിസ്ട്രാർ.—(1) രജിസ്ട്രാർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നിയമിക്കപ്പെടേണ്ടതുമാണ്.

** ** ** **

## 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1996-ലെ 22)

** ** ** **

14. രജിസ്ട്രാർ.—(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്കും അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

** ** ** **

15. പരീക്ഷാ കൺട്രോളർ.—(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും, സ്റ്റാറ്റ്യൂട്ടുകളാൽ

നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്കും അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

16. ഫൈനാൻസ് ആഫീസർ.—(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്കും അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിൻമേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്.

** ** ** **

## 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2005-ലെ 27)

** ** ** **

28. രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും.—(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്കും നിബന്ധനകളിൻമേലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

** ** ** **

29. ഫൈനാൻസ് ഓഫീസറുടെ നിയമനവും അധികാരങ്ങളും.—(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള നിബന്ധനകളിലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

** ** ** **

30. പരീക്ഷാ കൺട്രോളർ.—(1) പരീക്ഷാ കൺട്രോളർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള നിബന്ധനകളിൻമേലും എക്സിക്യൂട്ടീവ് കൗൺസിൽ നിയമിക്കേണ്ടതുമാണ്.

** ** ** **

---